# <u>അറിയിപ്പ്</u>

കേരളാ വാട്ടർ അതോറിറ്റിയിലെ ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജർ തസ്തികയുടെ (കാറ്റഗറി നമ്പർ:401/17) തെരഞ്ഞെടുപ്പിനായുള്ള അഭിമുഖം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആസ്ഥാന ആഫീസിൽ വെച്ച് 06.08.2020 , 07.08.2020 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് SMS, Profile Message എന്നിവ നൽകിയിട്ടുണ്ട്. കോവിഡ് - 19 രോഗവ്യാപന ഭീതി നിലനിൽക്കുന്നതിനാൽ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ ആഫീസ് പരിസരത്ത് പ്രവേശിക്കാൻ പാടുള്ളൂ. ഗൾഫ് / അന്യസംസ്ഥാനത്ത് നിന്നും വന്നിട്ടുള്ളവർ, ക്വാറന്റൈൻ കാലാവധിയുൾപ്പെടെ മറ്റ് രോഗബാധയുള്ളവർക്കും അത്തരം അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂ തീയതി മാറ്റി നൽകും. കൂടാതെ ഹോട്ട് സ്പോട്ട്, കണ്ടൈൻമെന്റ് സോൺ, എന്നിവിടങ്ങളിലെ ഉദ്യോഗാർത്ഥികൾക്കും ഇന്റർവ്യൂ തീയതി അവരവരുടെ അപേക്ഷാ പ്രകാരം മാറ്റി നൽകുന്നതാണ്. ഇതു സംബന്ധിച്ച അപേക്ഷ അഭിമുഖത്തിന്റെ തീയതിയ്ക്ക് മുൻപ് പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇന്റർവ്യൂവിന് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾ പി.എസ്.സി.യുടെ വെബ്സൈറ്റിൽ നിന്നും കോവിഡ്-19 ചോദ്യാവലി download ചെയ്ത് പൂരിപ്പിച്ച് upload ചെയ്യേണ്ടതാണ്. ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂ മെമ്മോ അവരവരുടെ പ്രൊഫൈലിൽ നിന്നും download ചെയ്യേണ്ടതും, അതോടൊപ്പമുള്ള വ്യക്തി വിവരക്കുറിപ്പ് പൂരിപ്പിച്ച് ഹാജരാക്കേണ്ടതുമാണ്. അറിയിപ്പ് ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ആഫീസിലെ LR I വിഭാഗവുമായി (0471 - 2546242) ബന്ധപ്പെടേണ്ടതാണ്.